# ആവേശം അലതല്ലിയ സ്വീകരണ പരിപാടികൾ

**കേരളത്തിലെ** ഇസ്‌ലാമിക പ്രവർത്തകർ ഏറെക്കാലമായി പ്രതീക്ഷിച്ചിരുന്ന യിവോൺ റിഡ്‌ലിയുടെ സന്ദർശനം കേരളത്തിലങ്ങോളമിങ്ങോളം വലിയ ആവേശ മാണ് സൃഷ്ടിച്ചത്. സാമ്രാജ്യത്വ ഹുങ്കിനെതിരെ അതിന്റെ വരാന്തയിൽ വെച്ചുതന്നെ പോരടിക്കുന്ന ആ പ്രക്ഷോഭകാരിയുടെ പരിപാടികളിൽ കണ്ട വമ്പിച്ച ജന സാന്നിധ്യവും ആവേശവും യിവോൺ റിഡ്‌ലിയെ കേരളം എത്രകണ്ട് സ്നേഹിക്കുന്നു വെന്നതിന്റെ തെളിവായിരുന്നു.

മാർച്ച് ഒന്നിന് കൊച്ചിയിൽ വിമാനമിറങ്ങിയ റിഡ്‌ലിയെ എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് സി.ദാവൂദ്, കേന്ദ്രകമ്മിറ്റിയംഗം ശഹീൻ, ജമാഅത്തെ ഇസ്‌ലാമി പി.ആർ സെക്രട്ടറി അബ്ദുല്ല മൻഹാം, ജമാഅത്ത് വനിതാ വിഭാഗം ജില്ലാ പ്രസിഡന്റ് സീനത്ത് ബാനു തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. അവർ ഹോട്ടൽ അബാദ് പ്ലാസ യിൽ നടക്കുന്ന പരിപാടിയിലേക്കാണ് നേരെ പോയത്. നഗരത്തിലെ സാമൂഹിക, സാസ്കാരിക, വിദ്യാഭ്യാസ, രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കുന്ന മുസ്‌ലിം പ്രമുഖ രുടെ സംഗമമായിരുന്നു അത്. ഉദ്ദേശിക്കപ്പെട്ടതിലും ഒരു മണിക്കൂർ വൈകിയാണ് അതിഥി എത്തിയതെങ്കിലും ഹോട്ടൽ ഓഡിറ്റോറിയത്തിലെ തിങ്ങിനിറഞ്ഞ സദസ്സ് അവരെ ക്ഷമയോടെ കാത്തിരുന്നു. ഒരു മണിക്കൂറോളം അവരോട് സംസാരിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു.

രണ്ടാം ദിവസം തിരുവനന്തപുരം ഫോർത്ത് എസ്റ്റേറ്റ് ഓഡിറ്റോറിയത്തിൽ നടന്ന മുഖാമുഖം പരിപാടിയായിരുന്നു മറ്റൊന്ന്. റിഡ്‌ലി എത്തുന്നതിന് വളരെ മുമ്പുതന്നെ ക്ഷണിക്കപ്പെട്ട ബുദ്ധിജീവി കളെയും സാംസ്കാരിക പ്രവർത്തക രെയും മാധ്യമ പ്രവർത്തകരെയും കൊണ്ട് സദസ്സ് നിറഞ്ഞിരുന്നു. ദൃശ്യ-അ ച്ചടി മാധ്യമങ്ങളുടെ ഏതാണ്ട് എല്ലാറ്റി ന്റെയും പ്രതിനിധികൾ പങ്കെടുത്ത പരി പാടി ഏറെ സജീവവും ആവേശകരവുമാ യിരുന്നു. ഉരുളക്കുപ്പേരി കണക്കുള്ള റിഡ്‌ലിയുടെ മറുപടികളും മറുചോദ്യ ങ്ങളും മുഖാമുഖത്തിന് നല്ല ചൂടുപകർന്നു. അഫ്ഗാനിലെ സർക്കാറി നെക്കുറിച്ച് എന്താണ് അഭിപ്രായമെന്ന് ചോദിച്ചപ്പോൾ, അഫ്ഗാനിൽ രണ്ട് സർക്കാറുണ്ട്; ഏതാണ് താങ്കൾ ഉദ്ദേശി ക്കുന്നതെന്നായിരുന്നു അവരുടെ മറുചോ ദ്യം. ഹിജാബ്, മതമൗലികവാദം, കശ്മീർ, ഫലസ്ത്വീൻ, താലിബാൻ തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങളിൽ ചോദ്യ ങ്ങളുയർന്നു.

വൈകുന്നേരം വെട്ടിമുറിച്ച കോട്ട യിൽ ഏർപ്പെടുത്തിയ സ്വീകരണ പരി പാടി വർധിച്ച ജനപങ്കാളിത്തമുണ്ടായി. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന ജന റൽ സെക്രട്ടറി എം.കെ മുഹമ്മദലി സമ്മേളനം ഉദ്ഘാടനം ചെയ്തു. എസ്. ഐ.ഒ സംസ്ഥാന പ്രസിഡന്റ് സി.ദാവൂദ് അധ്യക്ഷത വഹിച്ചു. ജ. ഇ. സംസ്ഥാന സെക്രട്ടറി കെ.കെ സുഹ്റ, സോളിഡാ രിറ്റി സംസ്ഥാന പ്രസിഡന്റ് പി.മുജീബു ർറഹ്മാൻ, ജമാഅത്ത് ജില്ലാ പ്രസിഡന്റ് എൻ.എം അൻസ്വാരി, എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി മുഹമ്മദ് അസ്‌ലം എന്നിവർ സംസാരിച്ചു. കൈവീശി അഭി വാദ്യം ചെയ്തു വേദിയിലെത്തിയ റിഡ്‌ലിയെ ജനങ്ങൾ ആവേശത്തോടെ സ്വീകരിച്ചു. മതവും, ആത്മീയതയും രാഷ്ട്രീയവും ലോക സംഭവവികാസ ങ്ങളും എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു അവരുടെ പ്രഭാഷണം. തലേന്ന് ഗാസ യിൽ കൊല്ലപ്പെട്ട ഒമ്പത് ഫലസ്ത്വീൻ കുട്ടികൾക്കുവേണ്ടി ഈ പ്രഭാഷണം സമർപ്പിക്കുന്നു എന്ന് പറഞ്ഞുകൊ ണ്ടാണ് അവർ ആരംഭിച്ചത്. ഹജ്ജ് നൽകിയ വൈകാരിക അനുഭവങ്ങൾ അവർ സദസ്സുമായി പങ്കുവെച്ചു. ഹിജാബും ജിഹാദും ഖിലാഫത്തും ഇല്ലാത്ത ഇസ്‌ലാം ജഡമായിരിക്കുമെന്നും അതിനെ പിന്തുണക്കാൻ യഥാർഥ മുസ്‌ലിംകൾക്ക് സാധ്യമല്ലെന്നും അവർ പറഞ്ഞു. ഇസ്‌ലാമിക ഫെമിനിസത്തിന്റെ പേരിൽ ഇന്ന് നടക്കുന്ന സൈദ്ധാന്തിക ജാടകളെ അവർ കണക്കിന് കളിയാക്കി.



കോട്ടക്കൽ സ്വീകരണത്തിലെ സ്ത്രീ സദസ്സ്

യഥാർഥ സ്ത്രീ വിമോചനം ഇസ്‌ലാമിലൂടെയേ സാധ്യമാവൂ എന്ന് പ്രഖ്യാപിച്ചു.

അടുത്ത ദിവസം രാവിലെ കോഴിക്കോട് നടന്ന മാധ്യമ പ്രവർത്തകരുടെയും സാംസ്കാരിക പ്രവർത്തകരുടെയും മുഖാമുഖം പരിപാടിയിലും അവർ പങ്കെടുത്തു. ശേഷം *മാധ്യമം* ഓഫീസ് സന്ദർശിച്ച അവർ ജീവനക്കാരെ അഭിസംബോധന ചെയ്തു.തുടർന്ന് കോട്ടക്കൽ പി.എം ഓഡിറ്റോറിയത്തിൽ ജി.ഐ.ഒ സംഘടിപ്പിച്ച സമ്മേളനത്തിലും പങ്കെടുത്തു. ജി.ഐ.ഒ സംസ്ഥാന പ്രസിഡന്റ് കെ.പി സൽവ അധ്യക്ഷത വഹിച്ചു. കെ.കെ സുഹ്റ ഉദ്ഘാടനം ചെയ്തു. പി.വി റഹ്മാബി, പി.കെ സാജിദ, പി. ലൈല ടീച്ചർ, കെ. ജസീന എന്നിവർ സംസാരിച്ചു. വനിതാ സമ്മേളനം തുടങ്ങുന്നതിന് മുമ്പ് തന്നെ വിശാലമായ ഹാളും പരിസരങ്ങളും നിറഞ്ഞു കവിഞ്ഞിരുന്നു. ജി.ഐ.ഒ പ്രവർത്തകർ മുദ്രാവാക്യം വിളിച്ച് പ്രകടനമായാണ് അതിഥിയെ വേദിയിലേക്ക് ആനയിച്ചത്. തന്റെ ഇസ്‌ലാം ആശ്ലേഷണത്തിന്റെ നാൾ വഴികളെക്കുറിച്ചു വൈകാരികമായ പ്രഭാഷണമാണ് റിഡ്‌ലി നടത്തിയത്. റസിയ ചാലക്കൽ പ്രഭാഷണം പരിഭാഷപ്പെടുത്തി.

അന്നു രാത്രി കോഴിക്കോട് മുതലക്കുളത്ത് ചേർന്ന സ്വീകരണ പരിപാടി വൻ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. റിഡ്‌ലി എത്തുന്നതിനും മുമ്പ് തന്നെ മുതലക്കുളവും പരിസരവും ആയിരങ്ങളെക്കൊണ്ട് തിങ്ങി നിറഞ്ഞിരുന്നു. എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് സി.ദാവൂദിന്റെ അധ്യക്ഷ പ്രസംഗത്തിന് ശേഷം വേദിയയിലെത്തിയെ റിഡ്‌ലിയെ ജനങ്ങൾ ആവേശപൂർവം സ്വീകരിച്ചു. ജ. ഇ. സംസ്ഥാന ഉപാധ്യക്ഷൻ ശൈഖ് മുഹമ്മദ് കാരകുന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു. യിവോൺ റിഡ്‌ലി മുഖ്യ പ്രഭാഷണം നടത്തി. ജി.ഐ.ഒ സംസ്ഥാന പ്രസിഡന്റ് കെ.പി സൽവ, സോളിഡാരിറ്റി പ്രസിഡന്റ് പി.മുജീബുർറഹ്മാൻ എന്നിവർ സംസാരിച്ചു. എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി മുഹമ്മദ് അസ്‌ലം സ്വാഗതം പറഞ്ഞു. എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് ബിശ്റുദ്ദീൻ ശർഖി സമാപന പ്രഭാഷണം നടത്തി. തലേദിവസത്തെ തന്റെ തിരുവനന്തപുരം പത്രസമ്മേളനം തെറ്റായി റിപ്പോർട്ട് ചെയ്ത *ദേശാഭിമാനി*യെയും *മനോരമ*യെയും പേരെടുത്ത് വിമർശിച്ചു കൊണ്ടാണ് റിഡ്‌ലി പ്രഭാഷണം ആരംഭിച്ചത്. പത്രപ്രവർത്തകർ സത്യസന്ധത പാലിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ഇസ്‌ലാമിന് വേണ്ടി സർവം സമർപ്പിക്കാനുള്ള സന്നദ്ധത നമുക്കുണ്ടാവണം. അമേരിക്കൻ ഇരട്ടത്താപ്പുകളെയും മാധ്യമ സമീപനങ്ങളെയും രൂക്ഷമായി വിമർശിക്കുന്നതായിരുന്നു പ്രഭാഷണം. ടി.എസ് സാജിദ് പ്രഭാഷണം പരിഭാഷപ്പെടുത്തി.

നാലാം തീയതി എസ്.ഐ.ഒ ആസ്ഥാനമായ വിദ്യാർഥി ഭവനം സന്ദർശിച്ച അവർ എസ്.ഐ.ഒ സംസ്ഥാന നേതാക്കളെയും ഓഫീസ് ജീവനക്കാരെയും അഭിസംബോധന ചെയ്തു. എസ്.ഐ.ഒ വിന്റെ പ്രവർത്തനങ്ങളെ ആശീർവദിച്ച് കൂടുതൽ ധീരന്മാരായി മുന്നോട്ടു പോകാൻ ആഹ്വാനം ചെയ്തു. എസ്.ഐ.ഒവിന്റെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് സി.ദാവൂദ് സമ്മാനിച്ചു.

ജമാഅത്ത് ആസ്ഥാനമായ ഹിറാ സെന്റർ സന്ദർശിച്ച് ജമാഅത്തെ ഇസ്‌ലാമി, സോളിഡാരിറ്റി, ജി.ഐ.ഒ, ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം, എസ്.ഐ.ഒ സംസ്ഥാന സമിതി അംഗങ്ങളും മറ്റ് നേതാക്കളും അടങ്ങുന്ന സദസ്സിനെ അഭിമുഖീകരിച്ച് സംസാരിച്ചു. അമീർ ടി.ആരിഫലി അധ്യക്ഷത വഹിച്ചു. ബ്രിട്ടനിലെയും കേരളത്തിലെയും ഇസ്‌ലാമിക പ്രവർത്തനങ്ങൾ പരസ്പരം ആഴത്തിൽ കൈമാറാൻ ഉതകുന്നതായിരുന്നു സദസ്സ്. ■



അബാദ് പ്ലാസയിലെ സ്വീകരണത്തിൽ